(സി) പുനലൂരിൽ നിന്നും ഇളംപലിലേയ്ക്ക് വെള്ളം പമ്പ് ചെയ്യുവാൻ ഇട്ടിട്ടുള്ള 500 എം. എം. വ്യാസമുള്ള പ്രിമോ പൈപ്പിന്റെ ജോയിന്റ് ലീക്കുകൾ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് നിവാരണം ചെയ്യുന്നതിനായി മുംബൈയിലുള്ള ഇൻഡ്യൻ ഹ്യും പൈപ്പ് കമ്പനിക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതോടെ ഈ ഭാഗത്ത് തുടർച്ച ഉണ്ടാകുന്ന ചോർച്ചകളും പൈപ്പ് പൊട്ടലുകളും ഒഴിവാകുന്നതാണ്.

രാജീവ്ഗാന്ധി തീവ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

25 (1707) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രം കുറവു ചെയ്ത തുക പുനഃസ്ഥാപിച്ച് ഈ വർഷം തന്നെ രാജീവ്ഗാന്ധി തീവ്ര ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

കഴിഞ്ഞ വർഷം രാജീവ്ഗാന്ധി ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതിക്ക് കേന്ദ്രം കുറവ് ചെയ്ത തുക ഇതുവരെയും പുനഃസ്ഥാപിച്ചു കിട്ടിയിട്ടില്ല. പുനഃസ്ഥാപിച്ചു കിട്ടുന്നതിന് ശ്രമിക്കുന്നതാണ്. ഈ വർഷം ഈ ഇനത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇടുക്കി ജില്ലയിൽ നിന്നും 'സ്വജൽധാര' സ്കീമിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ

26 (1708) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ നിന്നും 'സ്വജൽധാര' സ്കീമിൽ ഉൾപ്പെടുത്തി എത്ര പ്രോജക്ടുകൾ സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഉടുമ്പൻചോല അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികളുടെ പേരു വിവരം വ്യക്തമാക്കുമോ ;

(സി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പദ്ധതി നടപ്പാക്കുക വഴി കുടിവെള്ള ലഭ്യതയിൽ ഈ പ്രദേശങ്ങൾ എത്രത്തോളം സ്വയം പര്യാപ്തത കൈവരിക്കുമെന്നും വിലയിരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നിന്ന് ആകെ 79 'സ്വജൽധാര' പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച താഴെപ്പറയുന്ന 23 'സ്വജൽധാര' കുടിവെള്ള പദ്ധതികൾ ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നവയാണ്.

സേനാപതി ഗ്രാമപഞ്ചായത്ത്

1. വെങ്കലം പാറ
2. സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ, കാന്തിപ്പാറ

ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്

1. സെന്റ് സേവിയേഴ്സ് എച്ച്.എസ്.എസ്. ചെമ്മണ്ണൂർ
2. ചെമ്മണ്ണൂർ ഈസ്റ്റ്

പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്

1. ഗജേന്ദ്രപുരം

വണ്ടൻമേട് ഗ്രാമപഞ്ചായത്ത്

1. ചേറ്റുകുഴി

കരുണാപുരം ഗ്രാമപഞ്ചായത്ത്

1. ചേന്തംകുളം
2. നടുത്തൊട്ടി
3. പ്രകാശ്ഗ്രാമം
4. കുഴിത്തോളം
5. തോൽക്കണ്ടം
6. പഴയകൊച്ചറ
7. സുൽത്താൻമേട്
8. വാലിൻകണ്ടം
9. പോത്തുംകണ്ടം
10. ചാലിൻപടി
11. നെല്ലിമലകണ്ടം
12. ഗ്രീൻവാലി
13. കാങ്കോയിൽപടി

കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

1. കൽത്തൊട്ടി

LIBRARY ARCHIVES Kerala Legislative Assembly

നെടുകണ്ടം ഗ്രാമപഞ്ചായത്ത്

1. പൊൻമല

ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

1. സെന്റ് തോമസ് എച്ച്.എസ്.എസ്.ഇരട്ടയാർ

ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്

1. ചിന്നക്കനാൽ

(സി) ഇടുക്കി ജില്ലയിലെ മാങ്കുളം പഞ്ചായത്തിലെ സുജൽധാര പദ്ധതിക്ക് കേന്ദ്രസർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ജില്ലാതല നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള ഡിസ്ട്രിക്ട് വാട്ടർ ആന്റ് സാനിട്ടേഷൻ മിഷൻ, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്ടർ ചെയ്യുകയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അക്കൗണ്ട് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ആദ്യ ഗഡു ഫണ്ട് അനുവദിക്കുന്നതിന് മേൽപ്പറഞ്ഞ മിഷന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ബാങ്ക് അക്കൗണ്ട് നമ്പരും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്. മറ്റ് പദ്ധതികൾക്കും കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ഇടുക്കി ജില്ലയിലെ മാങ്കുളം വില്ലേജിലെ ഒൻപതാം മൈൽ ബംഗ്ലാവുതറ, തിങ്കുടി എന്നീ പ്രദേശങ്ങളിലെ ഇരുനൂറോളം ഗിരിവർഗ്ഗ കുടുംബങ്ങളിലായി അധിവസിക്കുന്ന രണ്ടായിരത്തോളം ആളുകൾക്ക് കുടിവെള്ളം ലഭിക്കുന്നതാണ് പദ്ധതി. മാങ്കുളം സെന്റ് മേരീസ് ഹൈസ്ക്കൂളിലെ രണ്ടായിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികൾക്കും, വിവിധ പരിപാടികൾക്കായി സ്കൂൾ ഹാൾ ഉപയോഗിക്കുന്നവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. മറ്റു പദ്ധതികളുടെ അംഗീകാരം ലഭ്യമായിട്ടില്ല.

ഊട്ടേരിക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം

27 (1711) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാംപ്ര മണ്ഡലത്തിൽ അരിക്കുളം ഗ്രാമപഞ്ചായത്തിലുള്ള ഊട്ടേരിക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ പണി പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഏത് വർഷത്തിലാണ് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയതെന്ന് അറിയിക്കാമോ ;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് ഏതെങ്കിലും പ്രക്ഷോഭം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതി പ്രവർത്തനം പൂർത്തിയാക്കി ഇതിൻപ്രകാരം കുടിവെള്ളം എപ്പോൾ ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly